ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 30-05-2024**

## പ്രധാനവാർത്തകൾ

1. ഏഴാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം ഇന്ന് അവസാനിച്ചു. 57 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് മറ്റന്നാൾ.

2. പ്രധാനമന്ത്രി നരേന്ദ്രമോദി മൂന്നു ദിവസത്തെ സന്ദർശനത്തിനായി കന്യാകുമാരിയിലെത്തി.

3. കേരളത്തിൽ കാലവർഷമെത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രത. സംസ്ഥാനത്ത് മഴക്കെടുതി രൂക്ഷം.

4. കോട്ടയം പായിപ്പാട് പഞ്ചായത്തിലെ എട്ട്യാകരി പാടശേഖരത്തിലെ താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു.

5. അറിവ് ഉത്പാദിപ്പിക്കുന്നവരാക്കി വിദ്യാർത്ഥികളെ മാറ്റുന്ന സംവിധാനമാണ് ജൂലൈ ഒന്നിന് സംസ്ഥാനത്ത് ആരംഭിക്കുന്ന ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളെന്ന് മന്ത്രി ആർ ബിന്ദു .

6. കേരളത്തിൽ ഒഴിവുള്ള 49 തദ്ദേശവാർഡുകളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.

$$$$$$$$$$$$$$$$$$$$$

RNU TVPM

ഹെഡ് ലൈൻ - 1

പരസ്യപ്രചാരണം

രാജ്യത്ത് ഏഴാമത്തെയും അവസാനത്തെയും ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിച്ചു. ജൂൺ ഒന്നിന് വോട്ടെടുപ്പ് നടക്കുന്ന 57 മണ്ഡലങ്ങളിൽ നാളെ നിശബ്ദ പ്രചാരണമായിരിക്കും. അവസാന ദിനമായ ഇന്ന് മണ്ഡലങ്ങളിൽ മുതിർന്ന നേതാക്കളും താരപ്രചാരകരും ആവേശകരമായ പ്രചാരണമാണ് കാഴ്ചവച്ചത്. പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്നാഥ് സിങ്ങ്, രാഹുൽ ഗാന്ധി, പ്രിയങ്കാ ഗാന്ധി, ലാലുപ്രസാദ് യാദവ് തുടങ്ങി മുൻനിര നേതാക്കൾ വിവിധ മണ്ഡലങ്ങളിൽ ഇന്ന് പ്രചാരണം നടത്തി. ഉത്തർപ്രദേശ്, പഞ്ചാബ്, പശ്ചിമ ബംഗാൾ, ബീഹാർ, ഒഡീഷ ജാർഖണ്ഡ്, ഹിമാചൽപ്രദേശ്, ചണ്ഡിഗഡ് എന്നിവിടങ്ങളിലാണ് മറ്റന്നാൾ വോട്ടെടുപ്പ് നടക്കുന്നത്. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

$$$$$$$$$$$$$$$$$$$$

ഹെഡ് ലൈൻ - 2

പ്രധാനമന്ത്രി - കന്യാകുമാരി

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി - മൂന്നു ദിവസത്തെ സന്ദർശനത്തിനായി കന്യാകുമാരിയിലെത്തി. കന്യാകുമാരി ദേവീ ക്ഷേത്രത്തിൽ അദ്ദേഹം അൽപസമയം മുൻപ് ദർശനം നടത്തി. വിവേകാനന്ദ പാറയും, സ്വാമി വിവേകാനന്ദൻ ധ്യാനത്തിലിരുന്ന ധ്യാനമണ്ഡപവും സന്ദർശിക്കുന്ന ശ്രീ മോദി ഇവിടെ ധ്യാനത്തിലേർപ്പെടും. വൈകിട്ട് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ പ്രധാനമന്ത്രി ഹെലികോപ്റ്റർ മാർഗമാണ് കന്യാകുമാരിയിലെത്തിയത്. ധ്യാനത്തിന് ശേഷം ശനിയാഴ്ച അദ്ദേഹം തിരുവള്ളുവർ പ്രതിമയും സന്ദർശിക്കും.

RNUTVPM

$$$$$$$$$$$$$$$$$$$$

ഹെഡ് ലൈൻ - 3

മഴ

സംസ്ഥാനത്ത് കാലവർഷം എത്തിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരവും, കൊല്ലവുമൊഴികെ എല്ലാ ജില്ലകളിലും നാളെ മുതൽ തിങ്കളാഴ്ച വരെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളതീരത്ത് ശക്തമായ പടിഞ്ഞാറൻ

കാറ്റ് നിലനിൽക്കുന്നതിനോടൊപ്പം, തെക്ക് കിഴക്കൻ അറബിക്കടലിൽ ചക്രവാതച്ചുഴിയും രൂപപ്പെട്ടു. കേരള , ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്. കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല. കേരള തീരത്തും, തെക്കൻ തമിഴ്നാട് തീരത്തും ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

$$$$$$$$$$$$$$$$$$$$$

<u>മഴക്കെടുതി-വിവിധ ജില്ല</u>

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ രൂക്ഷമായ മഴക്കെടുതിയാണ് അനുഭവപ്പെടുന്നത്. തിരുവനന്തപുരം ജില്ലയിൽ ഇന്ന് മഴയ്ക്ക് നേരിയ ശമനമുണ്ടെങ്കിലും താഴ്ന്ന പ്രദേശങ്ങളിലെ വെള്ളക്കെട്ട് പൂർണമായും മാറിയിട്ടില്ല. . ജില്ലയിൽ നിലവിൽ ഏട്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി 66 പേരാണുള്ളത്.നഗരത്തിൽ സ്മാർട്ട് സിറ്റിക്കായുള്ള കുഴികളിൽ വെള്ളം നിറഞ്ഞ് അപകടാവസ്ഥയിലാണ്. മഴയും മണ്ണൊലിപ്പും കാരണം കൊല്ലം മൺറോത്തുരുത്തിലേക്കുള്ള ഇടിയക്കടവ് പാലത്തിന് കേടുപാട് സംഭവിച്ചു. ബസ്സുകൾ അടക്കം വലിയ വാഹനങ്ങൾ പാലത്തിലൂടെ പോകാനാകാത്ത സ്ഥിതിയാണ്. പത്തനംതിട്ട ജില്ലയിൽ എടക്കാടും, തിരുമൂലപുരത്തും രണ്ട് ദുരിതാശ്വാസ ക്യാമ്പുകളിലായി 56 പേരാണ് കഴിയുന്നത് കോട്ടയം മുണ്ടക്കയത്ത് മണിമലയാറ്റിൽ കാണാതായ യുവാവിൻ്റെ മൃതദേഹം കണ്ടെത്തി.കളപ്പുരക്കൽ തിലകൻ്റെ മൃതദേഹമാണ് കാഞ്ഞിരപ്പള്ളി ചേനപ്പാടി ഇടയാറ്റ്കാവ് കടവിൽ കണ്ടെത്തിയത്. കോട്ടയം ജില്ലയിൽ 27 ദുരിതാശ്വാസ ക്യാമ്പുകളിലായി 558 പേരാണ് കഴിയുന്നത്. കൊച്ചിയിൽ ഇന്ന് ചെറിയ തോതിലുള്ള മഴയാണ് അനുഭവപ്പെട്ടത്. ജില്ലയിൽ 5 ദുരിതാശ്വാസ ക്യാമ്പുകളിലായി 116 പേരാണുള്ളത്.

$$$$$$$$$$$$$$$$$$$$$

<u>മന്ത്രി രാജീവ് (ഇൻട്രോ)</u>

എറണാകുളത്ത് കളമശ്ശേരിയിൽ ഉൾപ്പെടെ കനത്ത മഴയിൽ വെള്ളക്കെട്ടുണ്ടായ സംഭവത്തിൽ ഉടൻ നടപടിയെടുക്കുമെന്ന് മന്ത്രി പി രാജീവ്. വെള്ളക്കെട്ട് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥതല യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.
(ഹോൾഡ്)

$$$$$$$$$$$$$$$$$$$$$

RNU TVPM

**ആലപ്പുഴ മഴ - ഇൻട്രോ**

ആലപ്പുഴയിൽ മഴക്കെടുതി തുടരുന്നു. കായംകുളം പുള്ളിക്കണക്ക് എൻ എസ്സ് എസ്സ് ഹൈസ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് കൃഷി മന്ത്രി പി പ്രസാദ് സന്ദർശിച്ചു. ജില്ലയിൽ വെള്ളം കയറിയ പ്രദേശങ്ങളിൽ, അടിയന്തിരമായി വെള്ളം വറ്റിക്കുന്നതിനുള്ള നടപടികളുടെ ഏകോപനത്തിന് റവന്യു, ഇറിഗേഷൻ വകുപ്പുകൾക്ക് മന്ത്രി നിർദ്ദേശം നൽകി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ ...
( വോയിസ് )

$$$$$$$$$$$$$$$$$$$$$

**മിന്നലേറ്റു**

കോഴിക്കോട് സൗത്ത് ബീച്ചിന് സമീപം ഇന്ന് ഉച്ചയോടെ ഏഴോളം മത്സ്യത്തൊഴിലാളികൾക്ക് മിന്നലേറ്റു. കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇവരിൽ ഒരാളുടെ നില ഗുരുതരമാണ്.

$$$$$$$$$$$$$$$$$$$$$

**ഹെഡ് ലൈൻ - 5**

**ഓണേഴ്സ് ബിരുദം-മന്ത്രി ആർ. ബിന്ദു**

അറിവുകൾ സ്വീകരിക്കുന്നതിനപ്പുറം വിദ്യാർഥികളെ അറിവ് ഉത്പാദിപ്പിക്കുന്നവരാക്കി മാറ്റുന്ന സംവിധാനമാണ് ജൂലൈ ഒന്നിന് സംസ്ഥാനത്ത് ആരംഭിക്കുന്ന ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു . മഹാത്മാ ഗാന്ധി സർവകലാശാലയിൽ ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനു മുന്നോടിയായി പ്രിൻസിപ്പൽമാരുമായും നോഡൽ ഓഫീസർമാരുമായും സംവദിക്കുകയായിരുന്നു മന്ത്രി. രാജ്യാന്തര തലത്തിലെ വിഖ്യാത സർവകലാശാലകളുടെ നിലവാരത്തിലേക്ക് കേരളത്തിലെ ബിരുദ പഠനത്തെ ഉയർത്തുന്നത് കൂടി ലക്ഷ്യമിട്ടാണ് പുതിയ പ്രോഗാമുകൾ നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

**പ്ലസ് വൺ സീറ്റ് ചർച്ച**

മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധിയുമായി ബന്ധപ്പെട്ട് മുസ്ലിം ലീഗ് നേതാക്കൾ മുഖ്യമന്ത്രി പിണറായി വിജയനുമായി തിരുവനന്തപുരത്ത് ചർച്ച നടത്തി. സീറ്റ് പ്രതിസന്ധി ഗൗരവമുള്ള വിഷയമാണെന്നും സർക്കാർ പറഞ്ഞ കണക്കുകൾ ശരിയല്ലെന്ന് മുഖ്യമന്ത്രിയെ ബോധ്യപ്പെടുത്തിയെന്നും മുസ്ലിം ലീഗ് നേതാവ് പികെ കുഞ്ഞാലിക്കുട്ടി

PNUTVPM

ചർച്ചയ്ക്ക് ശേഷം വാർത്താസമ്മേളനത്തിൽ പറഞ്ഞു. കുറവുള്ള സീറ്റുകളുടെ വിവരം തയ്യാറാക്കി സർക്കാരിന് നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$

ഹെഡ് ലൈൻ - 6

**ഉപ.തിര. -സംസ്ഥാന തിര. കമ്മീഷണർ**

സംസ്ഥാനത്ത് ഒഴിവുള്ള 49 തദ്ദേശവാർഡുകളിലേക്ക് ഉപതിരഞ്ഞെടുപ്പ്നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ . ഇവ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ വാർഡുകളിലെയും വോട്ടർപട്ടിക പുതുക്കുന്നതിനുള്ള കരട് പട്ടിക ജൂൺ ആറിനും, അന്തിമ വോട്ടർപട്ടിക ജുലൈ ഒന്നിനും പ്രസിദ്ധീകരിക്കും. ജൂൺ ആറ് മുതൽ 21 വരെ പുതുതായി പേരു ചേർക്കുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും ഒഴിവാക്കലിനും അവസരമുണ്ടാകും. ഒരു ജില്ലാ പഞ്ചായത്ത് വാർഡ്, അഞ്ച് ബ്ളോക്ക് പഞ്ചായത്ത് വാർഡ്, 6 മുനിസിപ്പാലിറ്റി വാർഡ്, 37 ഗ്രാമപഞ്ചായത്ത് വാർഡ് എന്നിവിടങ്ങളിലാണ് ഉടനെ ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$

ഹെഡ് ലൈൻ - 4

**കോട്ടയം പായിപ്പാട് - പക്ഷിപ്പനി**

കോട്ടയം പായിപ്പാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ എട്ട്യാകരി പാടശേഖരത്തിൽ വളർത്തിയിരുന്ന താറാവുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. രോഗം കണ്ടെത്തിയ പ്രദേശത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ വളർത്തു പക്ഷികളെയും ദയാവധം ചെയ്യാൻ ജില്ലാഭരണകൂടം നടപടി സ്വീകരിക്കും. .

$$$$$$$$$$$$$$$$$$$$$

**വർക്കല ക്ലിഫ് - വി. മുരളീധരൻ**

ശക്തമായ മഴയിൽ കുന്നിടിച്ചിൽ ഉണ്ടായ തിരുവനന്തപുരം വർക്കല ക്ലിഫിൽ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ സന്ദർശനം നടത്തി. ഏഷ്യയിലെ തന്നെ അപൂർവമായിട്ടുള്ള ചെങ്കൽ ക്ലിഫിൻ്റെ സംരക്ഷണം ഉറപ്പുവരുത്തണമെന്നും സർക്കാരിൻ്റെ ഭാഗത്ത് നിന്ന് അടിയന്തര ഇടപെടലുകൾ വേണമെന്നും കേന്ദ്ര സഹമന്ത്രി ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$$$$

PRD TVPM

**<u>കെ.സുരേന്ദ്രൻ</u>**

തിരുവനന്തപുരം എംപിയും കോൺഗ്രസ് നേതാവുമായ ശശി തരൂരിന്റെ മുൻ സ്റ്റാഫ് അംഗം ഉൾപ്പെടെ രണ്ട് പേർ സ്വർണക്കടത്തിന് ഡൽഹി വിമാനത്താവളത്തിൽ അറസ്റ്റിലായി. ഇയാളെ ചോദ്യം ചെയ്തു വിട്ടയച്ചതായാണ് വിവരം. വാർത്ത ഞെട്ടിക്കുന്നതെന്നും, അന്വേഷണത്തിന് പൂർണ പിന്തുണ നൽകുമെന്നും ശശി തരൂർ എം.പി പ്രതികരിച്ചു. തനിക്ക് വിമാനത്താവളങ്ങളിൽ സഹായം ആവശ്യമുള്ള ഘട്ടങ്ങളിൽ താൽക്കാലികമായാണ് ഇയാളുടെ സേവനം ഉപയോഗിച്ചിരുന്നതെന്നും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. സംഭവം ഗൗരവതരമെന്നും, എംപിയുടെ വിശദീകരണം തൃപ്തികരമല്ലെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$

$$$$$$$$$$$$

RNU TVPM